**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5826** **08-11-2021 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ലൈഫ് പദ്ധതിയിൽ വീടും സ്ഥലവും ലഭിച്ചവർക്ക് അവരുടെ സ്ഥലത്തിന് മുകളിലൂടെ വൈദ്യുതി ലൈൻ കടന്ന് പോകുന്നതുകൊണ്ട് വീട് നിർമ്മിക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ചില സ്ഥലങ്ങളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉപഭോക്താക്കളുടെ സ്വന്തം ആവശ്യത്തിനു വേണ്ടി ലൈൻ മാറ്റി സ്ഥാപിക്കുന്ന തിനാവശ്യമായ തുക ഈടാക്കാൻ സപ്ലൈ കോഡ് 2014 ലെ 95 -ാമത് റെഗുലേഷൻ വ്യവസ്ഥ ചെയ്യുന്നു. അതിനാൽ സാധാര ണഗതിയിൽ ഉപഭോക്താവിന്റെ ആവശ്യ പ്രകാരം ലൈൻ മാറ്റി സ്ഥാപിക്കേണ്ടി വരുന്ന സാഹചര്യങ്ങളിൽ എസ്റ്റിമേറ്റ് തുക ഈടാ ക്കികൊണ്ടാണ് കെ.എസ്.ഇ.ബി ലിമിറ്റഡ് ലൈൻ മാറ്റി സ്ഥാപിക്കുന്നത്. എന്നാൽ 2020 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും നടന്ന അദാലത്തുകളിൽ ലൈൻ മാറ്റി സ്ഥാപിക്കുന്ന പരാതികൾ ഉന്നയിച്ച് BPL/SC/ST വിഭാഗത്തിന് കീഴിലുള്ള അപേക്ഷകർക്ക്, ലൈഫ് മിഷൻ ഹൗസിംഗ് സ്കീമിന് കീഴിലുള്ള വീടിന്റെ നിർമ്മാണത്തിന് തടസ്സമായി ഇലക്ട്രിക് ലൈൻ/പോസ്റ്റുകൾ സ്ഥിതി ചെയ്യുന്നുണ്ടെങ്കിൽ അവ പുരയിടത്തിന്റെ മറ്റേതെങ്കിലും ഭാഗത്തേക്കോ പൊതുവഴിയിലൂടെയോ മാറ്റി സ്ഥാപിക്കുന്നതിനു സാങ്കേതികമായി സാധ്യമാണെങ്കിൽ, അവ മാറ്റുന്നതിനുള്ള പൂർണ്ണമായ ചെലവ് KSEBL വഹിക്കാൻ തീരുമാനിച്ചിരുന്നു. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ (മെഷേഴ്സ് റിലേറ്റിംഗ് ടു സേഫ്റ്റി ആന്റ് ഇലക്ട്രിക് സപ്ലൈ റഗുലേഷൻസ്, 2010) റഗുലേഷൻ 60(1) പ്രകാരം 650V താഴെയുള്ള വൈദ്യുതി ലൈനുകളുടെ കീഴിലും 61(1) പ്രകാരം 650 V മുകളിലുള്ള വൈദ്യുതി ലൈനുകളുടെ കീഴിലും ഒരു കെട്ടിടവും നിർമ്മിക്കുവാൻ പാടില്ല. പക്ഷേ ഒരു വൈദ്യുതി ലൈനിന്റെ കീഴിൽ വീട് നിർമ്മിക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തി റഗുലേഷൻ 63 പ്രകാരം ആവശ്യമായ രേഖകൾ സഹിതം (ഫീസ്, പ്രസ്തുത കെട്ടിടവും വൈദ്യുതി ലൈനുകളും തമ്മിലുള്ള ലംബ, തിരശ്ചീന അകലം |

| | | | |
|---|---|---|---|
| | | | സൂചിപ്പിക്കുന്ന കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിന്നും ലഭിച്ച ഡ്രോയിംഗ്) ലൈൻ ക്ലിയറൻസ് സർട്ടിഫിക്കറ്റിന് അതാത് ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് കാര്യാലയത്തിൽ അപേക്ഷ നൽകിയാൽ റഗുലേഷൻ 60, 61 എന്നിവ നിഷ്കർഷിക്കുന്ന ലംബ, തിരശ്ചീന അകലങ്ങൾ ഉണ്ടെങ്കിൽ റഗുലേഷൻ 116 പ്രകാരം സംസ്ഥാന സർക്കാരിന് ലഭിച്ചിരിക്കുന്ന അധികാരം ഉപയോഗിച്ച്, റഗുലേഷൻ 60(1), 61(1)-ലെ വൈദ്യുതി ലൈനുകളുടെ കീഴിൽ ഒരു കെട്ടിടവും നിർമ്മിക്കുവാൻ പാടില്ല എന്ന നിബന്ധനയിൽ ഇളവ് വരുത്തി അനുമതി നൽകി വരുന്നു. |
| (ബി) | എങ്കിൽ ആയത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ? | (ബി) | ചില സ്ഥലങ്ങളിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉപഭോക്താക്കളുടെ സ്വന്തം ആവശ്യത്തിനു വേണ്ടി ലൈൻ മാറ്റി സ്ഥാപിക്കുന്ന തിനാവശ്യമായ തുക ഈടാക്കാൻ സപ്ലൈ കോഡ് 2014 ലെ 95 -ാമത് റെഗുലേഷൻ വ്യവസ്ഥ ചെയ്യുന്നു. അതിനാൽ സാധാര ണഗതിയിൽ ഉപഭോക്താവിന്റെ ആവശ്യ പ്രകാരം ലൈൻ മാറ്റി സ്ഥാപിക്കേണ്ടി വരുന്ന സാഹചര്യങ്ങളിൽ എസ്റ്റിമേറ്റ് തുക ഈടാക്കികൊണ്ടാണ് കെ.എസ്.ഇ.ബി ലിമിറ്റഡ് ലൈൻ മാറ്റി സ്ഥാപിക്കുന്നത്. എന്നാൽ 2020 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും നടന്ന അദാലത്തുകളിൽ ലൈൻ മാറ്റി സ്ഥാപിക്കുന്ന പരാതികൾ ഉന്നയിച്ച് BPL/SC/ST വിഭാഗത്തിന് കീഴിലുള്ള അപേക്ഷകർക്ക്, ലൈഫ് മിഷൻ ഹൗസിംഗ് സ്കീമിന് കീഴിലുള്ള വീടിന്റെ നിർമ്മാണത്തിന് തടസ്സമായി ഇലക്ട്രിക് ലൈൻ/പോസ്റ്റുകൾ സ്ഥിതി ചെയ്യുന്നുണ്ടെങ്കിൽ അവ പുരയിടത്തിന്റെ മറ്റേതെങ്കിലും ഭാഗത്തേക്കോ പൊതുവഴിയിലൂടെയോ മാറ്റി സ്ഥാപിക്കുന്നതിനു സാങ്കേതികമായി സാധ്യമാണെങ്കിൽ, അവ മാറ്റുന്നതിനുള്ള പൂർണ്ണമായ ചെലവ് KSEBL വഹിക്കാൻ തീരുമാനിച്ചിരുന്നു. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ (മെഷേഴ്സ് റിലേറ്റിംഗ് ടു സേഫ്റ്റി ആന്റ് ഇലക്ട്രിക് സപ്ലൈ റഗുലേഷൻസ്, 2010) റഗുലേഷൻ 60(1) പ്രകാരം 650V താഴെയുള്ള വൈദ്യുതി ലൈനുകളുടെ കീഴിലും 61(1) പ്രകാരം 650 V മുകളിലുള്ള വൈദ്യുതി ലൈനുകളുടെ കീഴിലും ഒരു കെട്ടിടവും നിർമ്മിക്കുവാൻ പാടില്ല. പക്ഷേ ഒരു വൈദ്യുതി ലൈനിന്റെ കീഴിൽ വീട് നിർമ്മിക്കുവാൻ ആഗ്രഹിക്കുന്ന വ്യക്തി റഗുലേഷൻ 63 പ്രകാരം ആവശ്യമായ രേഖകൾ സഹിതം (ഫീസ്, പ്രസ്തുത കെട്ടിടവും വൈദ്യുതി ലൈനുകളും തമ്മിലുള്ള ലംബ, തിരശ്ചീന അകലം സൂചിപ്പിക്കുന്ന കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് |

| | | | |
|---|---|---|---|
| | | | ലിമിറ്റഡിൽ നിന്നും ലഭിച്ച ഡ്രോയിംഗ്) ലൈൻ ക്ലിയറൻസ് സർട്ടിഫിക്കറ്റിന് അതാത് ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് കാര്യാലയത്തിൽ അപേക്ഷ നൽകിയാൽ റഗുലേഷൻ 60, 61 എന്നിവ നിഷ്കർഷിക്കുന്ന ലംബ, തിരശ്ചീന അകലങ്ങൾ ഉണ്ടെങ്കിൽ റഗുലേഷൻ 116 പ്രകാരം സംസ്ഥാന സർക്കാരിന് ലഭിച്ചിരിക്കുന്ന അധികാരം ഉപയോഗിച്ച്, റഗുലേഷൻ 60(1), 61(1)-ലെ വൈദ്യുതി ലൈനുകളുടെ കീഴിൽ ഒരു കെട്ടിടവും നിർമ്മിക്കുവാൻ പാടില്ല എന്ന നിബന്ധനയിൽ ഇളവ് വരുത്തി അനുമതി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ